# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1976 05/10/2016 -ൽ മറുപടിക്ക്

# അന്തമൺ കടവിൽ സ്ഥാപിച്ച കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പ്പെടുന്ന അന്തമൺ കടവിൽ (കല്ലടയാറിന്റെ ഭാഗം) സ്ഥാപിച്ച കുടിവെള്ള പദ്ധതിയിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന മൈലം ഗ്രമപഞ്ചായത്തിലെ 1, 2, 3 വാർഡുകളിലേക്ക് ജലവിതരണം നടത്തുന്നതിനായി എൻ.സി.പി.സി-യിൽ ഉൾപ്പെടുത്തി 23/3/2004-ൽ 58 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച അന്തമൺ വാട്ടർ സപ്ലൈ സ്കീം മൂന്ന് ഘട്ടങ്ങളിലായിട്ടാണ് വിഭാവനം ചെയ്തത്. ഒന്നാം ഘട്ടത്തിൽ കിണറിന്റെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ 765 മീറ്റർ നീളത്തിൽ 150 എം.എം. ഡി.ഐ പമ്പിംഗ് മെയിനും അന്തമൺ ജംഗ്ഷൻ മുതൽ ഒഴുകുപാറ ജംഗ്ഷൻ വരെ 9222 മീറ്റർ നീളത്തിൽ വിതരണലൈനുകളുടെയും പണി പൂർത്തിയാക്കി. മൂന്നാം ഘട്ടത്തിൽ 20 എച്ച്.പി കിർലോസ്കർ പമ്പ്സെറ്റ് സപ്ലൈ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) കിണറിനും ഭൂതലസംഭരണിക്കുമായി 3,74,607/- രൂപയും പമ്പിംഗ് മെയിനും വിതരണ ലൈനുകൾക്കുമായി 35,93,468/- രൂപയും പമ്പ് സെറ്റിന് 3,63,500/- രൂപയും ഉൾപ്പെടെ ആകെ 43,31,575/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പദ്ധതിയിലെ പ്രവൃത്തികൾ നിലച്ചിട്ട് എത്ര നാളായെന്നും അതിനു കാരണമെന്താണെന്നും വ്യക്തമാക്കുമോ; | (സി) & (ഡി) ഈ പദ്ധതിയുടെ കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണ ഘട്ടത്തിൽ കരാറുകാരനും കേരള വാട്ടർ അതോറിറ്റി |

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

യുമായി തർക്കം ഉണ്ടാവുകയും തുടർന്ന് 03/2008-ൽ ഈ പദ്ധതി നിലച്ചുപോയിട്ടുള്ളതുമാണ്.

ഈ പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളായ പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം, പമ്പ് ഹൗസിലേക്കും മറ്റുമുള്ള വൈദ്യുതീകരണം, പൈപ്പുകളുടെ കൂട്ടിയോജിപ്പിക്കൽ എന്നിവ പൂർത്തിയാക്കേണ്ടതുണ്ട് ഇവയ്ക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. കൂടാതെ, നിലവിൽ സ്ഥാപിച്ച പൈപ്പ് ലൈനുകൾ ഉപയോഗയോഗ്യമാണോ എന്നും പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/